**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2,പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 2,00,000/- രൂപയും 2008-09 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-7 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 3,80,000/- രൂപയും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ) നം.2234/2016/തസ്വഭവ. തിരുവനന്തപുരം, തീയതി:25.07.2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 08/10/2015-ലെ എം3-32518/15 നമ്പർ കത്തും 11/11/2015-ലെ എം3-36224/15 നമ്പർ കത്തും .

2) കേരള സ്റ്റേറ്റ് വകുപ്പ് ഡയറക്ടറുടെ 26/02/2016 ലെ കെ.എസ്.എ 14110/പിറ്റി1/2015 നമ്പർകത്തും 26/02/2016 ലെ കെ.എസ്.എ 15820/പിറ്റി1/2015 നമ്പർ കത്തും.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2009-2010 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-2 പ്രകാരം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഭവന പുനരുദ്ധാരണം (ജനറൽ) എന്ന പദ്ധതിപ്രകാരം ചെലവുചെയ്ത 2,00,000/-(രണ്ടു ലക്ഷം രൂപ മാത്രം) രൂപ, 2008-2009 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-7 പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് "ഭവനപരിസരം മണ്ണിട്ടുയർത്തൽ" എന്ന പദ്ധതിക്കായി ചെലവുചെയ്ത 3,80,000/- (മൂന്നു ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) രൂപ എന്നിവ ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 03-07-2015 ലെ 3(5)-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, 03-07-2015 ലെ 3(4)-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് ഡയരക്ടർ മുഖേന പരാമർശം(1)പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽffffff വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2)പ്രകാരംലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ, പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 3-2, ഖണ്ഡിക 3-7 എന്നിവ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന്

അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമീണമേഖലയിലെ നിർദ്ധനരായ ജനറൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ പാർപ്പിടസൗകര്യം വർദ്ധിപ്പിക്കുന്നതിന് ഖണ്ഡിക 3-2-ൽ പരാമർശിക്കുന്ന പദ്ധതി സഹായകമാണ് എന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമായിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകത പരിഗണിച്ച്, 2008-09 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-7 -ൽ പരാമർശിച്ചിട്ടുളള ചെലവ് പരിഗണനീയാർഹമാണ്. പദ്ധതിനാമകരണത്തിൽ പിശകസംഭവിച്ചുപോയിട്ടുള്ളതായി പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ മുമ്പ് മറ്റു യാതൊരു അപാകതയും ആഡിറ്റ് കണ്ടെത്തിയിട്ടില്ല. ആയതിനാൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ ചേന്നംപളളിപ്പുറംഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-2 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) രൂപയും, 2008-09 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-7 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 3,80,000/- (മൂന്ന് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) രൂപയും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു. എ.ടി,
അണ്ടർ സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, ആലപ്പുഴ
സെക്രട്ടറി, ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ